**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലാപഞ്ചായത്ത്-ലോക്കൽ ഫണ്ട് ഓഡിറ്റ്-42 ഹയർ സെക്കൻഡറി സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്നതിന് റോഡ് സംരക്ഷണ ഗ്രാന്റിൽ നിന്നും ചെലവ് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ) നം.3898/15/തസ്വഭവ. തിരുവനന്തപുരം, തീയതി:30.12.2015

---

പരാമർശം: 1.കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 10.06.2015 തീയതിയിലെ പി ഇ 2-2026/11 നം. കത്ത്

2.കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 12.11.2013 തീയതിയിലെ യോഗത്തിലെ 69/13 നം. തീരുമാനം.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 2011-12 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റിൽ തടസ്സപ്പെടുത്തിയ, ജില്ലാപഞ്ചായത്തിന് കീഴിലുള്ള 42 ഹയർ സെക്കൻഡറി സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്നതിന് റോഡ് സംരക്ഷണ ഗ്രാന്റിൽ നിന്നും 2011-12 വാർഷിക പദ്ധതിയിൽ ചെലവഴിച്ച 12,36,142 രൂപക്ക് സർക്കാർ സാധൂകരണം നൽകണമെന്ന കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ പരാമർശം 2-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 1-ലെ കത്ത് പ്രകാരം കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി.

പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) എന്നിവ ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് ഇങ്ങനെ വിനിയോഗിച്ചതെന്ന് കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു സദുദ്ദേശപരമായ പ്രവൃത്തിയായതിനാലും, പരാമർശം 1-ലെ അപേക്ഷ, പരാമർശം 2-ലെ യോഗ തീരുമാനം എന്നിവ

പരിഗണിച്ചും മേലിൽ ഇത്തരം വീഴ്ച ഉണ്ടാകരുതെന്ന കർശന നിർദ്ദേശത്തോടെയും ജില്ലാപഞ്ചായത്തിന് കീഴിലുള്ള 42 ഹയർ സെക്കൻഡറി സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്നതിന് റോഡ് സംരക്ഷണ ഗ്രാന്റിൽ നിന്നും 2011-12 വാർഷിക പദ്ധതിയിൽ ചെലവഴിച്ച 12,36,142(പന്ത്രണ്ട് ലക്ഷത്തി മുപ്പത്തിയാറായിരത്തി ഒരുനൂറ്റി നാൽപ്പത്തിരണ്ട് മാത്രം) രൂപക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.സാധൂകരണം ഫണ്ട് വകമാറ്റി ചെലവിന് മാത്രമായിരിക്കുമെന്നും വാങ്ങൽ പ്രക്രിയയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ വന്നിട്ടുള്ള എന്തെങ്കിലും വീഴ്ചകൾക്കോ, അത് സംബന്ധിച്ച് നിലവിലുള്ളതോ, ഇനിയുണ്ടായേക്കാവുന്നതോ ആയ ഏതെങ്കിലും ഓഡിറ്റ് പരാമർശങ്ങൾക്കോ ഈ സാധൂകരണ ഉത്തരവ് ബാധകമായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കോഴിക്കോട് ജില്ലാപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം,തിരുവനന്തപുരം. ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ